(ഡി) എന്നുമുതൽ മാലിന്യം നീക്കം ചെയ്യാൻ തുടങ്ങുമെന്ന് അറിയിക്കാമോ ;

(ഇ) മാലിന്യങ്ങൾ നീക്കം ചെയ്തു തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഒരു വർഷമായി.

(സി-ഇ) ടെണ്ടർ വിളിച്ച് മാലിന്യം നീക്കം ചെയ്യാനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ടെണ്ടർ നടപടികൾ പൂർത്തിയായി കരാർ ഉറപ്പിക്കുന്നതിനനുസരിച്ച് മാലിന്യം നീക്കം ചെയ്യാൻ തുടങ്ങുന്നതാണ്. ഏകദേശം രണ്ട് മാസത്തിനുള്ളിൽ ഈ നടപടി പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

ജീവനക്കാരില്ലാത്ത രജിസ്ട്രാർ ഓഫീസുകൾ

127 (2259) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം മണ്ഡലത്തിലെ ചാത്തമംഗലം, മാവൂർ (ചെറുപ്പ) എന്നീ രജിസ്ട്രാറാഫീസിൽ ജീവനക്കാരുടെ കുറവുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ യഥാസമയം ജോലി തീർക്കാൻ കഴിയാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് ഇതുവരെ സ്വീകരിച്ചത് ; ഇനി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ആവശ്യമായ ജീവനക്കാരെ അടിയന്തിരമായി നിയോഗിച്ച് ജോലി കുടിശ്ശിക തീർക്കാൻ കോഴിക്കോട് ജില്ലാ രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ കമ്പ്യൂട്ടർവൽക്കരിച്ച രജിസ്ട്രാർ ഓഫീസുകൾ

128 (2260) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം രജിസ്ട്രാറാഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട് ;

(ബി) വടകര താലൂക്കിൽ ഏതെല്ലാം രജിസ്ട്രാറാഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ചു എന്നും, പുതുതായി ഏതെല്ലാം ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കാൻ ഉദ്ദേശിക്കുന്നു എന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly